**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1623** **28-07-2021 - ൽ മറുപടിയ്ക്ക്**

**വീട്ടിൽ തനിച്ചാകുന്ന കുട്ടികളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വണ്ടിപെരിയാറിൻ ആറുവയസ്സ്കാരിയായ ബാലികയെ പീഡിപ്പിച്ചു കൊലപ്പെടുത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന് രക്ഷിതാക്കൾ ജോലികൾക്കായി പുറത്തു പോകുമ്പോൾ വീട്ടിൽ തനിച്ചാകുന്ന കുട്ടികൾക്ക് സുരക്ഷ ഒരുക്കുന്നതിന് പര്യാപ്തമായ ഒരു സംവിധാനം ആവശ്യമാണെന്ന് കരുതുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ആദിവാസികളുടെയും സാമ്പത്തികമായും സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന മറ്റു വിഭാഗങ്ങളിൽപ്പെട്ടവരുടെയും വീട്ടുകളിലെ രക്ഷിതാക്കൾ ജോലിതേടി പോകുമ്പോൾ വീട്ടുകളിൽ തനിച്ചാകുന്ന കുട്ടികൾക്ക് രക്ഷിതാക്കൾ തിരിച്ചെത്തുന്നതു വരെ സുരക്ഷ ഒരുക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിയ്ക്കുമോ? | (സി) | സംസ്ഥാനത്ത് വൾനറബിൾ ആയിട്ടുള്ള കുട്ടികളെ കണ്ടെത്തുന്നതിന് സംസ്ഥാന-തലത്തിൽ ഒരു വൾനറബിലിറ്റി മാപ്പിംഗ് നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു . ഇത്തരത്തിൽ മാപ്പിംഗ് നടത്തുമ്പോൾ വൾനറബിൾ ആയി കണ്ടെത്തുന്ന കുട്ടികൾക്ക് വ്യക്തിഗത പരിചരണം നൽകുന്നതും കൂടാതെ ഐ.സി.ഡി.എസ് അംഗനവാടികൾ മുഖേനയോ അഡോളസെന്റ് ക്ലബുകൾ മുഖേനയോ ഇത്തരത്തിലുള്ള കുട്ടികൾക്ക് മാനസികോല്ലാസം നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ